**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5175** **21-07-2022 - ൽ മറുപടിയ്ക്ക്**

**അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യൂ ടി. തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരുവല്ലയിലെ കാവുംഭാഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ ഉണ്ടായിരുന്ന കൊയ്ത്തു യന്ത്രം, ട്രാക്ടർ, ട്രില്ലർ തുടങ്ങിയ കാർഷിക യന്ത്രങ്ങൾ ഭൂരിഭാഗവും പ്രവർത്തനക്ഷമമല്ലാതായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY), കുട്ടനാട് പാക്കേജ് എന്നീ സ്കീമുകളിൽ വാങ്ങിയ 12 വർഷത്തിൽ കൂടുതൽ പഴക്കമുള്ള 26 കൊയ്ത്ത് മെതിയന്ത്രങ്ങളിൽ 3 എണ്ണവും 7 ട്രാക്ടറുകളിൽ 1 എണ്ണവും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കൈവശമുള്ള പ്രവർത്തനക്ഷമമല്ലാത്ത കൊയ്ത്ത് മെതിയന്ത്രങ്ങൾ കണ്ടം ചെയ്യുന്നതിന് അനുമതിയായിട്ടുണ്ട്. ഈ യന്ത്രങ്ങളുടെ സ്ക്രാപ്പ് വില നിശ്ചയിക്കുന്നതിനായി പൊതുമരാമത്ത് (മെക്കാനിക്കൽ വിഭാഗം) വകുപ്പിനെ സമീപിച്ചിട്ടുണ്ട്. സ്പെയർ പാർട്സുകൾ വാങ്ങി അറ്റകുറ്റപ്പണികൾ തീർത്ത് 3 മെതിയന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കാവുന്നതാണെന്ന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. |
| (സി) | അപ്പർകുട്ടനാട്ടിലെ കർഷകർക്ക് ഏറെ പ്രയോജനപ്പെട്ടുകൊണ്ടിരുന്ന പ്രസ്തുത സൗകര്യങ്ങൾ അടുത്ത കൃഷി സീസണ് മുൻപായി സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ